# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗം
# 2017 ഏപ്രിൽ 4

## അസോസിയേഷൻ സെക്രട്ടറിയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങളും ക്രമീകരണങ്ങളും

1. അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിന് നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടത് കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ ആയിരിക്കേണ്ടതാണ്.

2. നാമനിർദ്ദേശ പത്രിക 2017 മാർച്ച് 27-നോ അതിനു മുമ്പോ കാതോലിക്കേറ്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനാർത്ഥികളിൽ ആരെങ്കിലും നാമനിർദ്ദേശം പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നെങ്കിൽ ആ വിവരം 2017 മാർച്ച് 29-നോ അതിനു മുമ്പോ രേഖാമൂലം കാതോലിക്കേറ്റ് ഓഫീസിൽ അറിയിക്കേണ്ടതാണ്.

3. സ്ഥാനാർത്ഥി മാനേജിംഗ് കമ്മറ്റി അംഗമല്ലെങ്കിൽ ഇടവക വികാരിയുടെ സർട്ടിഫിക്കേറ്റ് കൂടി ഹാജരാക്കേണ്ടതാണ്. അതിൽ 1934-ലെ സഭാ ഭരണഘടന (വകുപ്പ് 7, 10) പ്രകാരം ഇടവക യോഗാംഗമാണെന്ന് വ്യക്തമായിരിക്കണം.

4. സ്ഥാനാർത്ഥി വൈദികനാണെങ്കിൽ മെത്രാസന മെത്രാപ്പോലീത്തായുടെ സർട്ടിഫിക്കേറ്റ് കൂടി ഹാജരാക്കേണ്ടതാണ്. 2017 ഏപ്രിൽ 4-ന് കൂടുന്ന മാനേജിംഗ് കമ്മറ്റി യോഗത്തിലെ അംഗങ്ങൾക്കു മാത്രമെ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു. **മേൽപ്പട്ടക്കാർ, നിലവിലുള്ള വർക്കിംഗ് കമ്മറ്റി അംഗങ്ങൾ, പുതുതായി തെരഞ്ഞെടുക്കപ്പെട്ട 141 മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റ് ചെയ്ത 33 മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ.** എന്നാൽ ഒരു വ്യക്തിക്ക് ഒന്നിൽ കൂടുതൽ സ്ഥാനത്തെ പ്രതിനിധീകരിച്ച് വോട്ട് ചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇപ്രകാരമുള്ള ലിസ്റ്റ് കാതോലിക്കേറ്റ് ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉണ്ടെങ്കിൽ, കൈമാറ്റം ചെയ്യുവാൻ പാടില്ലാത്ത ഒറ്റവോട്ടു സമ്പ്രദായമനുസരിച്ച് രഹസ്യ ബാലറ്റിംഗ് മൂലം തെരഞ്ഞെടുപ്പ് നടത്തുന്നതും, ഏറ്റവും കൂടുതൽ വോട്ടുകൾ ലഭിക്കുന്ന സ്ഥാനാർത്ഥി വിജയിച്ചതായി പ്രഖ്യാപിക്കുന്നതുമാണ്. വോട്ടുകൾ തുല്യമായി വരുന്ന പക്ഷം നറുക്കിട്ട് ഫലം തീരുമാനിക്കുന്നതായിരിക്കും.

6. ബാലറ്റുപേപ്പറിൽ ഏതു സ്ഥാനാർത്ഥിക്കാണോ വോട്ടുചെയ്യുന്നത്, ആ സ്ഥാനാർത്ഥിയുടെ പേരിന് നേരേയുള്ള കോളത്തിൽ **സീൽ (മുദ്ര)** വച്ച് വേണം വോട്ടു രേഖപ്പെടുത്തേണ്ടത്.

7. മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കു മാത്രമേ യോഗ സ്ഥലത്തേക്ക് പ്രവേശനം അനുവദിക്കുകയുള്ളു. യാതൊരുവിധ പ്രചരണവും പഴയസെമിനാരി കോമ്പൗണ്ടിൽ അന്നേ ദിവസം അനുവദിക്കുന്നതല്ല.

ആജ്ഞാനുസരണം,

ഡോ. ജോർജ് ജോസഫ്
അസോസിയേഷൻ സെക്രട്ടറി

കാതോലിക്കേറ്റ് ഓഫീസ്
ദേവലോകം, കോട്ടയം
04-03-2017